**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2705** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ ഉല്പന്നങ്ങളുടെ കയറ്റുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിലെ ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ബിസിനസ് മീറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മീറ്റിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ വിശദമാക്കാമോ; | (എ) | സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വിദേശവിപണി കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ബിസ്സിനസ്സ് മീറ്റ് സംഘടിപ്പിച്ചിട്ടുണ്ട്.<br><br>പ്രസ്തുത മീറ്റിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു<br><br>1. സഹകരണ ഉല്പന്നങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബിസിനസ് മീറ്റ് പോലുള്ള സ്ഥിരം സംവിധാനം<br>2. സഹകരണ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി നടപ്പിലാക്കിയിട്ടുള്ള **coopmart** ഔട്ട്-ലെറ്റ് പോലെ സഹകരണ ഉല്പന്നങ്ങളെ വിദേശ വിപണിയിലേയ്ക്ക് കൊണ്ട് വരുന്നതിനായി **coopexport** പോലുള്ള സംവിധാനം<br>3. എറണാകുളം ആസ്ഥാനമായി ഒരു സ്ഥിരം ഓഫീസ് സംവിധാനം<br>4. ഉൽപ്പന്നങ്ങൾക്ക് പൊതുവായി ഒരു ക്വാളിറ്റി കൺട്രോൾ ടെസ്റ്റിംഗ് ലബോറട്ടറി<br>5. ഉൽപ്പന്നങ്ങൾ കയറ്റുമതി നടത്തുന്നതിലേയ്ക്ക് ആവശ്യമായിട്ടുള്ള പൊതു മാനദണ്ഡങ്ങൾ ആവിഷ്കരിക്കുക<br>6. ഉൽപ്പന്നങ്ങളുടെ വൈവിധ്യം , ക്വാളിറ്റി പാക്കിംഗ് സംവിധാനം എന്നിവ നടപ്പിൽ വരുത്തുക<br>7. കയറ്റുമതി സംബന്ധിച്ച തുടർപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക |

| | | | |
|---|---|---|---|
| (ബി) | സഹകരണ മേഖലയിലെ കാർഷിക ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് അഗ്രികൾച്ചറൽ ആന്റ് പ്രോസസ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയുമായി സഹകരിച്ച് തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | സഹകരണ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിദേശവിപണി കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് അഗ്രികൾച്ചറൽ ആൻറ് പ്രോസസ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്പ്മെന്റ് അതോറിറ്റിയുമായി സഹകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നത് പരിഗണനയിലുണ്ട്. ആയതിനുള്ള നടപടികൾ പ്രാരംഭ ദിശയിലാണ്. |

സെക്ഷൻ ഓഫീസർ